## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 489

23.07.2015- ൽ മറുപടിക്ക്

## സഹകരണ മേഖലയുടെ പൊതുവിപണി ഇടപെടൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, കെ.കെ.നാരായണൻ<br>,, വി.ചെന്താമരാക്ഷൻ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും<br>വകുപ്പുമന്ത്രി) | |
| (എ) | സഹകരണ മേഖല പൊതുവിപണിയിൽ ക്രിയാത്മകമായി ഇടപെടുന്നുണ്ടോ; വിശദമാക്കാമോ ; | (എ) | ഉണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ വിലവർദ്ധനവിന് ഏറെ സാധ്യതയുള്ള ഉത്സവകാലങ്ങളിൽ അവശ്യ സാധനങ്ങൾക്ക് പ്രത്യേകം വിലക്കിഴിവ് നല്കി സാധനങ്ങൾ ലഭ്യമാക്കി പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ; | (ബി) | ബാധകമല്ല |
| (സി) | സഹകരണ പ്രസ്ഥാനങ്ങൾ നിഷ്ക്രിയമാകുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (സി) | സഹകരണ കൺസ്യൂമർ മേഖല നിഷ്ക്രിയമാകുന്നു എന്ന ആക്ഷേപം വസ്തുനിഷ്ഠമല്ല.സാമ്പത്തിക പരിമിതികൾ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെങ്കിലും സഹകരണ വകുപ്പിനു കീഴിൽ കൺസ്യൂമർ മേഖലയിലെ അപക്സ് സഹകരണ സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകളിലൂടെ, പൊതുവിപണിയിൽ നിന്നും 5% വരെ കുറഞ്ഞ നിരക്കിൽ 6 ഇനം അവശ്യനിത്യോപയോഗ സാധനങ്ങളും, ഉൽസവകാലങ്ങളിൽ സംഘടിപ്പിക്കുന്ന സബ്സിഡി വിപണന |

മേളകളിലൂടെ സർക്കാർ സബ്സിഡിയോടെ 13 ഇനം നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തുവരുന്നു. കൂടാതെ, ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ എന്നിവയിലൂടെ സാധാരണക്കാർക്ക് ലഭ്യമാക്കിവരുന്നു.

ഡി) സഹകരണപ്രസ്ഥാനങ്ങൾ പൊതുവിപണിയിൽ ഇടപെട്ട് ഗുണമേൻമയുള്ള സാധനങ്ങൾ വിലകുറച്ച് ആവശ്യക്കാർക്ക് എത്തിക്കാത്തത് മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

(ഡി) സഹകരണ കൺസ്യൂമർ മേഖല നിരവധി സാമ്പത്തിക പരിമിതികൾക്കിടയിലും പൊതുവിപണിയിൽ ഇടപ്പെട്ട് വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമായ സ്ഥലങ്ങളിൽ എത്തിച്ച് വിപണനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൺസ്യൂമർഫെഡിന്റെ സാമ്പത്തിക മാന്ദ്യം മൂലം ചില അവശ്യസാധനങ്ങൾ ആവശ്യമായ അളവിൽ ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ ടി ന്യൂനത പരിഹരിക്കുന്നതിനായി സർക്കാർ ഇടപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ